ജനന മരണ രജിസ്ട്രേഷനിൽ സംഭവിക്കുന്ന തെറ്റുകൾ തിരുത്താനുള്ള അധികാരം

86 [2518] *ശ്രീ. പി. കെ. കെ. ബാവ:*

„ *സി. മോയിൻ കുട്ടി:*

„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന മരണ രജിസ്ട്രേഷനിൽ സംഭവിക്കുന്ന തെറ്റുകൾ തിരുത്തുവാൻ ബന്ധപ്പെട്ട ആക്ടിലെ സെക്ഷൻ 15-ഉം, റൂൾ 12-ഉം രജിസ്ട്രാർമാർക്ക് അധികാരം നൽകുന്നുണ്ടോ;

(ബി) നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇതിനെതിരെ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ഡി) നിയമത്തിൽ വ്യവസ്ഥയുണ്ടായിട്ടും തെറ്റുകൾ തിരുത്തുവാൻ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർമാർ തയ്യാറാകാത്തത് കാരണം ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം അന്വേഷിക്കുമോ;

(ഇ) പ്രശ്നം പരിഹരിക്കുന്നതിനായി നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കുലർ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനന മരണ രജിസ്ട്രേഷനിൽ രജിസ്റ്ററിലെ ജനന മരണത്തെക്കുറിച്ചുള്ള ഉൾക്കുറിപ്പ് രൂപത്തിലോ, സാരാംശത്തിലോ തെറ്റായിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ വഞ്ചനാപൂർവകമായോ, അനുചിതമായോ ചേർത്തിട്ടുള്ളതാണെന്നോ, രജിസ്ട്രാർക്ക് ബോധ്യമാകത്തക്കവണ്ണം തെളിയിക്കപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്ന ഉപാധികളും പരിതഃസ്ഥിതികളും സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ ചട്ടങ്ങൾക്ക് വിധേയമായി ആദ്യത്തെ ഉൾക്കുറിപ്പിന് ഒരു മാറ്റവും വരുത്താതെ അതിന്റെ മാർജിനിൽ തക്ക ഉൾക്കുറിപ്പ് ചേർത്ത് തെറ്റ് തിരുത്തുകയോ, ഉൾക്കുറിപ്പ് റദ്ദാക്കുകയോ ചെയ്യുന്നതിന് ജനന മരണ രജിസ്ട്രേഷൻ നിയമത്തിൽ വ്യവസ്ഥയുണ്ട്.

(ബി) ഇല്ല. എന്നാൽ 1990 മാർച്ച് മാസത്തിൽ കേന്ദ്രഗവൺമെന്റിലെ ജനന മരണ രജിസ്ട്രേഷൻ വിഭാഗത്തിലെ ഉന്നതാധികാരികൾ പഞ്ചായത്ത് ഡയറക്ടർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറുമായി ഒരുമിച്ച് സംസ്ഥാനത്തെ ചില രജിസ്ട്രേഷൻ യൂണിറ്റുകൾ സന്ദർശിച്ച് ജനന രജിസ്ട്രേഷൻ റിക്കാർഡുകൾ പരിശോധിച്ചപ്പോൾ വളരെയേറെ അപാകതകൾ ഗൗരവമുള്ളവ ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധിക്കപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ വ്യവസ്ഥകൾ അപാകത കൂടാതെ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 12-6-1990, 27-6-1995, 24-3-1997, 3-3-1999 തീയതികളിൽ പഞ്ചായത്ത് ഡയറക്ടർ/ചീഫ് രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾ നിയമത്തിലെ വ്യവസ്ഥകളുടെ അന്തഃസത്തയ്ക്ക് വിരുദ്ധമല്ല.

(സി) ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 10-2-2004-ലെ വിധിന്യായത്തിൽ ജനന മരണ ചീഫ് രജിസ്ട്രാറുടെ 27-6-1995-ലെ സർക്കുലർ ജനന രജിസ്റ്ററിൽ കുട്ടിയുടെ പേരിനൊടൊപ്പം രക്ഷകർത്താക്കളുടെ പേരുകൂടി ചേർക്കുന്നതിനെ പൂർണ്ണമായും വിലക്കിയിട്ടുണ്ടെങ്കിൽ ആയത് നിയമവിരുദ്ധമാണെന്ന് ഉത്തരവാകുകയുണ്ടായി. എന്നാൽ ചീഫ് രജിസ്ട്രാറുടെ 27-6-1995-ലെ സർക്കുലറിൽ ജനന രജിസ്റ്ററിൽ കുട്ടിയുടെ പേരിനൊപ്പം രക്ഷകർത്താക്കളുടെ പേരുകൂടി ചേർക്കുന്നതിനെ സംബന്ധിച്ച് ഒന്നും തന്നെ ഉൾക്കൊള്ളിച്ചിട്ടില്ല. ആയത് സംബന്ധിച്ച് ചീഫ് രജിസ്ട്രാറുടെ 24-3-1997-ലെ ബി1-9048/95 നമ്പർ സർക്കുലറിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കുമ്പോൾ കുട്ടിയുടെ പേരിനൊപ്പം ഇനിഷ്യലോ, സ്ഥലപേരോ, ഇനിഷ്യലിന്റെ വികസിതരൂപമോ ഉണ്ടെങ്കിൽ നിർബന്ധമായും എഴുതേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആകയാൽ ബഹു. ഹൈക്കോടതി ഉത്തരവ് പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ റദ്ദാക്കിക്കൊണ്ടുള്ള ഒന്നായി കണക്കാക്കാൻ സാധിക്കില്ല.

(ഡി) അത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് തിരുത്തുന്നതിനായി സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

ലോഡ്ജ് ഉടമകൾ നികുതി വെട്ടിപ്പ് നടത്തുന്നതിനെതിരെ നടപടി

87 [2519] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ, വണ്ടിപ്പെരിയാർ, കട്ടപ്പന, കുമളി, കൽപ്പറ്റ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനാതിർത്തികളിൽ എത്ര ലോഡ്ജ്/ടൂറിസ്റ്റ് ഹോമുകൾ ഉണ്ട് എന്നും ഓരോന്നിനും എത്ര മുറികൾ വീതമുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ടൂറിസ്റ്റ് ഹോം/ലോഡ്ജുകളിൽ നിന്നും നികുതി ഇനത്തിൽ എത്ര രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ലോഡ്ജ് ഉടമകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട നികുതി വെട്ടിപ്പ് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly